പുരുഷസൂക്തം

യജുർവ്വേദത്തിലെ മുപ്പത്തൊന്നാം അധ്യായത്തിലെ ആദ്യത്തെ പതിനാറു മന്ത്രങ്ങളാണ് പുരുഷസൂക്തം. ഇവയുടെ ഋഷി നാരായണനും 1, 3, 4, 6, 8 മുതൽ 16 എന്നീമന്ത്രങ്ങളുടെ ദേവത പുരുഷനും 2, 5, 7 എന്നിവയുടെ യഥാക്രമം ഈശാനൻ, സ്രഷ്ടാ, സ്രഷ്ടേശ്വര: എന്നിവയുമാകുന്നു. ഒന്നു്, രണ്ടു്, മൂന്നു്, എട്ടു്, ഒൻപതു്, പത്തു്, പതിനൊന്നു് പതിനാലു് എന്നീമന്ത്രങ്ങളുടെ ഛന്ദസ്സ് നിചൃദനുഷ്ടുപ്പും, നാലു്, അഞ്ചു്, ഏഴു്, പന്ത്രണ്ടു്, പതിമൂന്നു്, പതിനഞ്ചു് എന്നിവയുടെ ഛന്ദസ്സ് അനുഷ്ടുപ്പും, പതിനാറാംമന്ത്രത്തിന്റേതു് വിരാട്ത്രിഷ്ടുപ്പുമാണ്. ഒന്നുമുതൽ പതിനഞ്ചുവരെ സ്വരം ഗാന്ധാരവും പതിനാറാംമന്ത്രം ധൈവതവുമാണ്. മഹർഷി ദയാനന്ദസരസ്വതി രചിച്ച വ്യാഖ്യാനത്തിന്റെ പരിഭാഷയാണ് ഇവിടെ പകർത്തുന്നത്. ഁ ഈ അടയാളം ഉച്ചരിക്കേണ്ടതു് ങ് എന്നതുപോലെയാകാം.

1. സഹസ്രശീർഷാ പുരുഷ: സഹസ്രാക്ഷ; സഹസ്രപാത്
സഭൂമിഁ സർവ്വതഃ സ്പൃത്വാഽത്യതിഷ്ഠദ്ദശാങ്ഗുലമ്

ഭാഷ്യം: അനേകസഹസ്രംഅസംഖ്യാതം ശിരസ്സുകൾ (നമ്മുടേതുംമററും) ഏതൊരു പൂർണപുരുഷനിലാണോ വർത്തിക്കുന്നതു് അതാണ് സഹസ്രശീർഷനായ പുരുഷൻ. നമ്മുടേതും മററുമായ ആയിരക്കണക്കിനു കണ്ണുകൾ ആരിൽവർത്തിക്കുന്നുവോ പാദങ്ങൾ ആരിൽ വർത്തിക്കുന്നുവോ അതാണ് സഹസ്രാക്ഷനും സഹസ്രപാത്തും. ആ പുരുഷൻ എല്ലായിടത്തും സർവ്വ ചരാചരങ്ങളുടെയും അകത്തും പുറത്തും ഭൂമിമുതൽ പ്രകൃതി വരെയുള്ള എല്ലാജഗത്തിനെയും അഭിവ്യാപ്തമാക്കി വർത്തിക്കുന്നു. ബ്രഹ്മാണ്ഡത്തിന്റെ ഉപലക്ഷണമാണ് ദശാങ്ഗുലം. അഞ്ചു സ്ഥൂലഭൂതങ്ങളും അഞ്ചു സൂക്ഷ്മഭൂതങ്ങളും ചേർന്നതാണ് ദശാവയവമെന്നു് പറയപ്പെട്ട സമ്പൂർണ്ണജഗത്ത്. കൂടാതെ പഞ്ചപ്രാണനും (ഇന്ദ്രിയങ്ങൾ) മനസ്സ്, ചിത്തം, ബുദ്ധി, അഹങ്കാരം എന്നീ നാലും ജീവനും ചേർന്നാലും ദശാങ്ഗുലമായി. ജീവന്റെ ഹൃദയം ദശാങ്ഗുല പരിമിതമാണെന്നും വ്യംഗ്യമുണ്ടു്. ഇവയിലെല്ലാം പരിപൂർണ്ണമായി വ്യാപിച്ച് പരമാത്മാവായ പുരുഷൻ വർത്തിയ്ക്കുന്നെന്നു് അറിയുക.

2. പുരുഷ ഏവേദം സർവം യദ്ഭൂതം യച്ചഭാവ്യമ്
ഉതാമൃതത്വസ്യേശാനോ യദന്നേനാതി രോഹതി.

ഭാഷ്യം — മുൻ പറഞ്ഞ ലക്ഷണങ്ങളോടുകൂടിയ പുരുഷനാ

ണ്, മുമ്പ് ഉണ്ടായതും ഇപ്പോൾ ഉള്ളതും ഇനി ഉണ്ടാകുന്നതുമായ എല്ലാ ജഗത്തിനേയും രചിച്ചത്. പുരുഷനിൽ നിന്ന് ഭിന്നനായമററൊരു സ്രഷ്ടാവില്ല. കാരണം, അദ്ദേഹം സർവശക്തിമാനായഈശ്വരനാണെന്നതു തന്നെ. അമൃതത്വത്തെ–മോക്ഷത്തെ നൽകുന്ന ഏകൻ അവനത്രെ. പൃഥിവി മുതലായവയിൽ വ്യാപിച്ചുകൊണ്ട്, അതിൽ നിന്ന് വ്യതിരിക്തനായി, സ്വയം ജനിക്കാതെ സ്വസാമർത്ഥ്യം കൊണ്ട് ജഗത്തിനെ രചിക്കുന്നു കൂടാതെ സർവവസ്തുക്കളുടെയും ആദി നിമിത്ത കാരണം പുരുഷനല്ലാതെ മററാരുമല്ലെന്നറിയുക.

3. ഏതാവാനസ്യ മഹിമാഽതോ ജ്യായാംശ്ച പൂരുഷഃ
പാദോഽസ്യ വിശ്വാ ഭൂതാനി ത്രിപാദസ്യാമൃതം ദിവി.

ഭാഷ്യം: ത്രികാലങ്ങളിലും ഭവിച്ചതും ഭവിക്കുന്നതുമായ പ്രപഞ്ചത്തിന്റെ മഹിമ പുരുഷന്റേതാണ്. ആ പുരുഷന്റെ മഹിമയ്ക്ക് പരിമാണം ഉള്ളതിനാൽ അതിന്റെ അന്തവും ഉണ്ടാകുമല്ലോ? ഇല്ല; ഇതുമാത്രമല്ല പുരുഷന്റെ മഹിമ. വിശ്വം – പൃഥ്വി മുതൽ പ്രകൃതിവരെയുള്ള വിശ്വം ആ പുരുഷന്റെഒരു പാദമാണ്. ഈ ദിവിയിൽ പ്രശോഭിക്കുന്ന പുരുഷന്റെ സ്വസ്വരൂപം മോക്ഷസുഖമാണ്, അമൃതത്വമാണ്. പ്രകാശഗുണമുള്ള ജഗത്ത് അതിന്റെ മൂന്നിരട്ടിയാണ്. ആ ജ്ഞാനസ്വരൂപപ്രകാശത്തിൽമോക്ഷസുഖവും അടങ്ങുന്നു. സ്വയം മോക്ഷസ്വരൂപനും, സർവാധിഷ്ഠാതാവും, സർവോപാസ്യനും സർവാനന്ദവും സർവപ്രകാശകനുമാണ്പുരുഷൻ.

4. ത്രിപാദൂർധ്വ ഉദൈത് പൂരുഷഃ പാദോഽസ്യേഹാഭവത്പുനഃ
തതോ വിഷ്വങ്വ്യക്രാമത് സാശനാനശനേ അഭി.

ഭാഷ്യം; ആ പുരുഷൻ പൂർവ്വോക്തമായ ത്രിപാദജഗത്തിനു പുറമെയും വ്യാപിച്ചിരിക്കുന്നു. എല്ലായ്പോഴും പ്രകാശിക്കുന്നവനും സർവ്വാന്തര്യാമിയും സർവ്വതിൽനിന്നു ഭിന്നനുമാണ്. ഈ പുരുഷനെ അപേക്ഷിച്ച് ഈ ജഗത് കുറച്ചുസ്ഥലത്തുമാത്രം ഉള്ളതാണ്. ആ പുരുഷന്റെ ഒരു പാദവുംചേർന്ന് ഈ ജഗത്ത് നാലു പാദം ഉള്ളതായി ഭവിക്കുന്നു. പ്രളയസമയത്ത് ആ പുരുഷന്റെ സാമർത്ഥ്യത്താലത്രേ പ്രളയം ഉണ്ടാകുന്നതു് ആ പുരുഷൻ അവിദ്യ അജ്ഞാനം ജന്മം, മരണം ആദിയായ ദുഃഖങ്ങൾക്ക് അതീതനാണ്. ആ പുരുഷന്റെ സാമർത്ഥ്യമാണ് സർവ്വോല്പത്തികാരണം. സൃഷ്ടി രണ്ടുവിധമുണ്ട്. അശനൻ, അനശനൻ എന്നിവ. അശനൻ ഭക്ഷണത്തിനു കാംക്ഷിക്കുന്ന ജീവനുള്ളതും, അനശനൻ ഭക്ഷണ

...നുവേണ്ടി രചിതമായ ജഡവസ്തുവുമാണ്. ഇവയെയെല്ലാം ...പ്പിടിച്ച പുരുഷൻ (അഭിവ്യക്രാമത്) സർവ്വവ്യാപിയായി വർ...ത്തിക്കുന്നു.

5 തതോ വിരാടജായത വിരാജോ അധിപൂരുഷഃ
സജാതോ അത്യരിച്യത പശ്ചാദ് ഭൂമിമഥോ പുരഃ

ഭാഷ്യം: ആ പുരുഷനിൽ നിന്ന് വിരാട് — ബ്രഹ്മാണ്ഡ ...ശരീരം ഉണ്ടായി. അതിന്റെ രണ്ടു കണ്ണുകൾ സൂര്യചന്ദ്രന്മാരും ...പ്രാണൻ വായുവും പാദം ഭൂമിയുമാണെന്ന് ആലങ്കാരികമായി ...പറയാം. ആ വിരാടിന്റെതത്ത്വങ്ങളിൽനിന്ന് ചരാചരങ്ങളുടെ ...ദേഹവുമുണ്ടായി. ആ ദേഹത്തിലാണ് ജീവൻ കുടികൊള്ളുന്നതു്. ആ ദേഹി പൃഥിവിയിലെയും മററും അന്നവും ഔഷധിയും കൊണ്ടു വളരുകയുംഅവയിൽതന്നെലയിച്ചുപോവുകയുംചെയ്യുന്നു. ആ വിരാട്, ഈശ്വരനിൽനിന്ന് ഭിന്നമായതാണ്. അതിൽനി...ന്ന് ജനിന്നനായ പുരുഷൻ ഭൂമി മുതലായവയെ ആദ്യം രചിക്കുന്നു. ...പിന്നീട് ധാരണം ചെയ്യുന്നു.

6· തസ്മാദ്യജ്ഞാത്സർവ ഹുതഃ സംഭൃതം പൃഷദാജ്യമ്
പശൂംസ്താംശ്ചക്രേ വായവ്യാനാരണ്യാ ഗ്രാമ്യാശ്ചയേ.

ഭാഷ്യം; വേദോത്പത്തിയാണ് ഇവിടെ വിവക്ഷ. ആ ...പരമേശ്വരനിൽനിന്ന് എല്ലാവിധ അന്നവസ്ത്രജലാദികളെയും ...മനുഷ്യർ പ്രാപിച്ചു. (പൃഷദിന് ശവസംസ്ക്കാരത്തിനുള്ള സാമ...ഗ്രിയെന്നും അർത്ഥമുണ്ടെങ്കിലും ഇവിടെ അന്നത്തിന്റെ ഉപലക്ഷ...ണമാണ്) അന്നാദികളെല്ലാം ഏതൊരു സർവ്വേശ്വരന്റെ സാമർത്ഥ്യ...ത്താൽ ഉണ്ടായതാണോ ആ ഈശ്വരനെ സ്തുതിക്കുക. ഗ്രാമത്തിലും ...വനത്തിലും വായുവിലും വിഹരിക്കുന്ന പക്ഷിമൃഗാദികളും ആ ഈ...ശ്വരന്റെ സൃഷ്ടിയാണ്.

7. തസ്മാദ്യജ്ഞാത്സർവഹുതഃ ഋചഃ സാമാനിജജ്ഞിരേ.
ഛന്ദാംസി ജജ്ഞിരേ തസ്മാദ്യജുസ്തസ്മാദജായത.

ഭാഷ്യം: സച്ചിദാനന്ദാദി ലക്ഷണങ്ങളാൽ പൂർണ്ണനും, എല്ലാ...വരാലും സംപൂജ്യനും ആയ പരബ്രഹ്മത്തിൽനിന്ന് ഋഗ്വേദം ...യജുർവ്വേദം സാമവേദം അഥർവവേദം (ഛന്ദാംസി) എന്നീനാലു ...വേദങ്ങളുണ്ടായി. (ജജ്ഞിരേ, അജായത എന്നീ രണ്ടു ക്രിയകളും ...തസ്മാദെന്നതിന്റെ ആവർത്തനവും വേദങ്ങളിൽ അനേകവിദ്യക...ളുടെ മൂലമുണ്ടെന്നും അവ ഈശ്വരനിൽനിന്നുതന്നെഉണ്ടായതെന്നും ...സ്ഥാപിക്കുന്നതിനുവേണ്ടിയാണ്)

8. തസ്മാദശ്വാ അജായന്ത യേകേ ചോ ഭയാതഃ
ഗാവോ ഹി ജജ്ഞിരേ തസ്മാത്തസ്മാജ്ജാതാഅജാവ യഃ

ഭാഷ്യം; ആ ഈശ്വരൻെറ സാമർത്ഥ്യത്തിൽനിന്ന് കുതിരക
ളുണ്ടായി, ഇരുവശത്തും ദന്തങ്ങളുള്ളവയായ ഉഭയാദതകൾ (ഒട്ടകം,
കഴുത മുതലായവ) ഉണ്ടായി. പശുക്കളും ഉണ്ടായി. ആടിൻെറ
വർഗങ്ങളുടെ ഉത്പത്തിയും ഈശ്വരനിൽ നിന്നാകുന്നു.

9. തംയജ്ഞം ബർഹിഷി പ്രൗക്ഷൻ പുരുഷം ജാതമഗ്രതഃ
തേന ദേവാ അജയന്ത സാധ്യാ ഋഷയശ്ച യേ.

ഭാഷ്യം ആദ്യം പ്രകടമായിരുന്നതും ജഗത്തിൻെറ സ്രഷ്ടാവും, സ
ർവ്വവ്യാപിയും ആയ ആ യജ്ഞത്തെ(സംപൂജ്യനെ) ഏതു മനുഷ്യൻ
ഹൃദയരൂപിയായ ആകാശത്തിൽ സ്നേഹഭക്തികളോടെ സത്യാച
രണത്തോടെ വച്ച് പൂജിക്കുന്നുവോ അവനാണ് ഉത്തമപുരുഷൻ
ഈ ഈശ്വരോപദേശം എല്ലാവർക്കും വേണ്ടിയാണ്. ഈശ്വരൻെറ
ഉപദേശമായ വേദങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് എ
ല്ലാവിദ്വാന്മാരും (ദേവാ) ജ്ഞാനികളും (സാധ്യാ) ഋഷിമാരും അ
ന്യമനുഷ്യരും, പ്രവർത്തിച്ച് സുഖത്തെപ്രാപിക്കുന്നു. എല്ലാകർമ്മ
ങ്ങളും ഈശ്വരസ്തുതി പ്രാർത്ഥനോപാസനകളോടെ ആരംഭിക്കേണ്ട
താണെന്ന് സിദ്ധം.

10. യത്പുരുഷം വ്യദധുഃ കതിധാ വ്യകല്പയൻ
മുഖംകിമസ്യാസീത് കിംബാഹൂ കിമൂരുപാദാ ഉച്യതേ.

ഭാഷ്യം; പൂർവ്വോക്ത ലക്ഷണയുക്തനായ പുരുഷൻെറ സാമർത്ഥ്യ
ത്തെയാണോ വിവിധപ്രകാരേണ പ്രതിപാദിക്കുന്നത്, ആ പുരു
ഷനിൽ ചിത്രവും വിചിത്രവുമായനിരവധി സാമർത്ഥ്യമുണ്ട്. ഈ
പുരുഷൻെറ മുഖത്തുനിന്ന് അതായത് മുഖ്യഗുണങ്ങളിൽ നിന്ന്
ഈ പ്രപഞ്ചത്തിൽ എന്തുണ്ടായി? ബാഹുവിൽ നിന്ന്, ബലം,
വീര്യം,ശൂരത മുതലായഗുണങ്ങളിൽനിന്ന്ഈ ബ്രഹ്മാണ്ഡത്തിൽ
എന്തുണ്ടായി? (കിമൂരു) മധ്യമഗുണങ്ങളിൽ നിന്ന് ഈ വിശ്വ
ത്തിൽ എന്തുണ്ടായി? നീചഗുണങ്ങളിൽനിന്ന് ഈ ലോകത്തിൽ
എന്തുണ്ടായി?

11. ബ്രാഹ്മണോഽസ്യമുഖമാസീദ്ബാഹൂരാജന്യഃകൃതഃ
ഊരൂ തദസ്യ യദ്വൈശ്യഃപദ്ഭ്യാം ശൂദ്രോ അജായത

ഭാഷ്യം ആ പുരുഷൻെറ മുഖം—വിദ്യാദികളായ മുഖ്യഗുണങ്ങൾ,
സത്യഭാഷണോപദേശാദി മുഖ്യകർമ്മങ്ങൾ ആരുടേതാണോ അവ
രിൽനിന്ന് ബ്രാഹ്മണർഉണ്ടായി. ബലവീര്യാദിലക്ഷണാന്വി
തരായവർ ക്ഷത്രിയരായി. മധ്യമങ്ങളായ കൃഷിവ്യാപാരാദിഗുണ

ങ്ങാം സ്വായത്തമാക്കിയവർ വൈശ്യരായി. സേവാഗുണവൈശിഷ്ട്യമുള്ളവരും. പരാധീനതയിൽ കർമ്മങ്ങരം ചെയ്യുന്നവരും പാദം ശരീരത്തെയെന്നപോലെ എല്ലാവരേയും താങ്ങിനിർത്തുന്നവരുമായ ശൂദ്രർ(തമോഗുണപ്രധാനികരം) ഉണ്ടായി. (ഛന്ദസിലുങ്ലങ്ലിട:എന്നപാണിനീസൂത്രമനുസരിച്ച് സാമാന്യകാലത്തിൽ ഈ മൂന്നു ലകാരങ്ങളും വിധിച്ചിട്ടുണ്ട്)

12 ചന്ദ്രമാ മനസോ ജാതശ്ചക്ഷോഃ സൂര്യോ അജായത
ശ്രോത്രാദ്വായുശ്ച പ്രാണശ്ച മുഖാദഗ്നി രജായത

ഭാഷ്യം: ആ പുരുഷൻെറ മനനം-ജ്ഞാനരൂപമായ സാമർത്ഥ്യത്താൽ ചന്ദ്രനും ജ്യോതിർമയമായ ചക്ഷുസിൽനിന്ന് സൂര്യനും ഉണ്ടായി. ശ്രോത്രാകാശത്തിൽനിന്നു് നഭസ് ഉല്പന്നമായി. വായുമയ സാമർത്ഥ്യത്തിൽ നിന്നു് വായുവും അതാതിന്ദ്രിയങ്ങളുടെ പ്രാണനിൽനിന്നു് ഇന്ദ്രിയങ്ങളും ഉണ്ടായി. മുഖ്യമായ ജ്യോതിർഗുണങ്ങളിൽനിന്നു് അഗ്നിയും ഉത്ഭവിച്ചു

13 നാഭ്യാ ആസീദന്തരീക്ഷംശീർഷ്ണോ ദ്യൌ: സമവർത്തത
പദ്ഭ്യാം ഭൂമിർദിശ; ശ്രോത്രാത്തഥാ ലോകാം 2അകല്പയൻ

ഭാഷ്യം: ആ പുരുഷൻെറ നാഭിയിൽനിന്നു് അന്തരീക്ഷവും ശിരസുപോലെ ഉത്തമമായ സാമർത്ഥ്യത്തിൽനിന്നു് സൂര്യാദിപ്രകാശപൂർണ്ണലോകവും ഉണ്ടായി വർത്തിക്കുന്നു. പാദങ്ങളിൽനിന്നു് അതായതു് ജഡവത്തായ പഞ്ചഭൂതങ്ങളിൽനിന്നു് ഭൂമിയും ശ്രോത്രം-ശബ്ദാകാശകാരണത്തിൽ നിന്നു് ദിശകളും ഉണ്ടായി. ഇതുപോലെ അനുയോജ്യമായ ഇതരകാരണങ്ങളിൽ നിന്നും ഇക്കാണായതും അല്ലാത്തതുമായ ലോകങ്ങളെല്ലാം ഉണ്ടായി.

14 യത്പുരുഷേണ ഹവിഷാ ദേവാ യജ്ഞമതന്വത
വസന്തോ സ്യാസീദാജ്യം ഗ്രീഷ്മ ഇധ്മ: ശരദ്ധവി:

ഭാഷ്യം: ദേവന്മാരെ—വിദ്വാന്മാരെ—അവരവരുടെ കർമ്മങ്ങളനുസരിച്ച് ഈശ്വരൻ ഉല്പാദിപ്പിച്ചു. അവർ അതാതു ഹവിസുപയോഗിച്ച് അഗ്നിഹോത്രം മുതൽ അശ്വമേധംവരെ ചെയ്യുന്നു. ഈ പുരുഷനിൽനിന്നുണ്ടായ ബ്രഹ്മാണ്ഡരൂപമായ യജ്ഞത്തിലെ നെയ്യാണ് വസന്ത ഋതു. ഗ്രീഷ്മ ഋതു ഇന്ധനമാണ്. ശരത്കാലം ഹവിസ്സാണ്.

15 സപ്താസ്യാസൻ പരിധയാസ്ത്രിഃ സപ്തസമിധ: കൃതാ:
ദേവായദ്യജ്ഞം തന്വാനാ അബധ്നൻ പുരുഷം പശുമ്

ഭാഷ്യം: ഈ ബ്രഹ്മാണ്ഡത്തിനു് ഏഴ് പരിധികളുണ്ട്, ഗോളത്തിൻെറ ഉപരിഭാഗത്തിൻെറ ചുററളവാണ് പരിധി ലോ

കത്തിനു് ഉപര്യുപരി ഏഴ് ആഭരണങ്ങളുണ്ടാക്കിയിട്ടുണ്ട്. സമുദ്രം, ത്രസരേണു സഹിതം വായു, മേഘമണ്ഡലം, വൃഷ്ടിജലം, അതിനുപരി വായു, അത്യന്തസൂക്ഷ്മമായ ധനഞ്ജയ വായു, ഇവയാണു് ഏഴ് പരിധികൾ. (ത്രി:സപ്ത സമിധ:) ഇരുപത്തൊന്നു സാമഗ്രികളും ബ്രഹ്മാണ്ഡത്തിലുണ്ട്. ജീവൻ, പ്രകൃതി, ബുദ്ധി എന്നിവ ചേർന്നതു് ഒന്നു്. ശ്രോത്രം, ത്വക്ക്, നേത്രം, ജിഹ്വ, നാസിക, പാണി, പാദം, ഗുദം, ഉപസ്ഥം. ശബ്ദം, സ്പർശം, രൂപം. രസം, ഗന്ധം, പൃഥിവി, ജലം, അഗ്നി, വായു, ആകാശം ഇവയാണു് ഇരുപത്തൊന്നു് സമിധകൾ. ഇവയെല്ലാം രചിച്ച പുരുഷനെ (പശുവിനെ) പശുവെന്നാൽ എല്ലാവരെയും കാണുന്നവൻ എന്നർത്ഥം) ദേവന്മാരായ വിദ്വാന്മാർ ധ്യാനത്താൽ സ്വീകരിച്ചുകൊള്ളുന്നു. മറെറാരു ഈശ്വരനില്ലെന്നു താല്പര്യം.

16 യജ്ഞേന യജ്ഞമയജന്ത ദേവാസ്താനി ധർമ്മാണി പ്രഥമാന്യാസൻ

തേഹനാകം മഹിമാനഃസചന്തയത്രപൂർവേ സാധ്യാസന്തിദേവാഃ

ഭാഷ്യം യജനീയനും പൂജനീയനുമായ പരമേശ്വരൻെറസ്തുതി, പ്രാർത്ഥന, ഉപാസന എന്നിവയാൽ വിദ്വാന്മാർ കൃത്യങ്ങൾ ആരംഭിക്കുന്നു. പുരുഷസൂക്തം അഥവാ വേദമന്ത്രങ്ങൾ ചൊല്ലിക്കൊണ്ടു് കാര്യാരംഭം നിർവഹിക്കണമെന്നു് സൂചന. ഈശ്വരസ്തുതിയാണു് പ്രഥമകർത്തവ്യം, അതിനുശേഷം ഇതരകാര്യങ്ങൾ ആരംഭിക്കാം. അപ്രകാരം അനുഷ്ഠിക്കുന്ന ഉപാസകർ മഹത്തായ നാകത്തെ– ദുഃഖരഹിതമായ മോക്ഷസുഖത്തെ– പ്രാപിക്കുന്നു. അത്യന്തം പൂജനീയരായിഭവിക്കുന്നു. പരമപുരുഷാർത്ഥപദത്തെ പ്രാപിക്കുന്നവർക്കു് അതിലുപരിയായി മറെറാന്നും സാധിക്കാനില്ല. ആ പദത്തെപ്രാപിക്കുന്നവർ സംസാരദുഃഖത്തെ പിന്നീടു കൈവരിക്കുന്നുമില്ല ഈശ്വരാർപ്പിതമായികർമ്മങ്ങൾ ചെയ്യുന്നവനു് ആ കർമ്മഫലങ്ങൾ ബാധയായി ഭവിക്കുന്നില്ലെന്നു് സൂചന.

[യജുർവേദത്തിൻെറ 31–ാം അദ്ധ്യായത്തിൽ ആകെ 22 മന്ത്രങ്ങളുണ്ട്. അവയിൽ ആദ്യത്തെ പതിനാറെണ്ണമാണു് പുരുഷസൂക്തമെന്നു് അറിയപ്പെടുന്നതു്. മഹർഷിദയാനന്ദസരസ്വതി 22 മന്ത്രങ്ങളേയും പുരുഷസൂക്തവ്യാഖ്യാനത്തിൽ സ്വീകരിച്ചിട്ടുള്ളതിനാൽഅവയേയും ഇവിടെ ചേർക്കുന്നു.]

17 അദ്ഭ്യഃസംഭൃത:പൃഥിവ്യൈ രസാച്ച വിശ്വകർമണ സമവർത്തതാഗ്രേ

തസ്യത്വഷ്ടാ വിദധദ്രൂപമേതി തന്മർത്ത്യസ്യ ദേവത്വമാജാനമഗ്രേ.

ഭാഷ്യ : ആ ഈശ്വരൻ ഭൂമിയുടെ രചനയ്ക്കുവേണ്ടി ജലത്തിന്റെ സാരാംശത്തെ സ്വീകരിച്ച് അഗ്നിയുടെയും പൃഥ്വിയുടെയും പരമാണുക്കളെ സംയോജിപ്പിച്ച് പൃഥ്വിയേയും അതുപോലെ ഇതര ഭൂതങ്ങളുടെ അണുക്കളെ ചേർത്ത് ജലം, അഗ്നി, വായു എന്നിവയേയും ഇവയ്ക്കുതങ്ങുവാൻ ആകാശത്തെയും രചിച്ചു. ഇവയെ രചിച്ചതുകൊണ്ട് ഈശ്വരൻ വിശ്വകർമ്മാവാണ്. ഇവയെല്ലാം നിലവിൽ വരുന്നതിനു മുമ്പും ഈശ്വരൻ ഉണ്ടായിരുന്നു. ഇവയ്ക്കെല്ലാം രൂപം നൽകിയതും ഈശ്വരനാണ്. മനുഷ്യരൂപവും ഈശ്വര സൃഷ്ടിയാകുന്നു. എന്നാൽ ഈശ്വരോപാസനയാലും വിദ്യാപ്രാപ്തിയാലും അത്യുത്തമ ഗുണങ്ങളെ സ്വീകരിക്കുന്നതിനാലും മനുഷ്യൻ ദേവനായി ഭവിക്കുന്നു. കർമ്മത്തെക്കാൾ ഉപാസനയും ജ്ഞാനവും അതിശ്രേഷ്ഠമാണ്.

18. വേദാഹമേതം പുരുഷം മഹാന്തമാദിത്യവർണം
തമസഃ പരസ്താത്
തമേവ വിദിത്വാതിമൃത്യുമേതി നാന്യ: പന്ഥാ വിദ്യതേ
ऽयനായ.

ഭാഷ്യം എന്തറിഞ്ഞാലാണ് നീ ജ്ഞാനിയാവുക? പൂർവ്വോക്തലക്ഷണ വിശിഷ്ടവും, സർവ്വോത്തരവും മഹത്തും സ്വപ്രകാശ വിജ്ഞാന സ്വരൂപവും അജ്ഞാനാ വിദ്യാന്ധകാരത്തിൽ നിന്നു വേറിട്ടതും ആയ ആ പുരുഷനെ അറിഞ്ഞാൽ മാത്രമേ ഞാൻ ജ്ഞാനിയാവുകയുള്ളൂ. ആ പുരുഷനെ അറിഞ്ഞാൽ മാത്രമേ മൃത്യുവിനെ അതിക്രമിച്ച് മോക്ഷസുഖത്തെ പ്രാപിക്കാൻ കഴിയുകയുള്ളൂ. ആ ഈശ്വരനെ അറിയുകയെന്നതിലുപരി മറെറാരു മാർഗ്ഗവും വ്യാവഹാരികവും പാരമാർത്ഥികവുമായ സുഖത്തെ പ്രാപിക്കുവാൻ ഇല്ല.

19. പ്രജാപതിശ്ചരതിഗർഭേ അന്തരജായമാനോ ബഹുധാ
വിജായതേ
തസ്യയോനി പരിപശ്യന്തി ധീരാസ്തസ്മിൻഹ തസ്ഥുർഭുവനാ
നിവിശ്വാ.

ഭാഷ്യം;എല്ലാവരുടെയും യജമാനനായ (പ്രജാപതി) ഈശ്വരൻ എല്ലാ ചരാചരങ്ങളുടെയും അകത്തും പുറത്തും സർവാന്തര്യാമിയായി, ജനിക്കാത്തവനായി നിത്യം ചരിക്കുന്നു. ആ പ്രജാപതിയാണ് ഈ ഭൂമിയിൽ വിവിധ വസ്തുക്കളെ നിർമ്മിച്ചത്. ആ കാരണബ്രഹ്മത്തിനെ അറിയുവാൻ സത്യ ധർമ്മാനുഷ്ഠാനവും വേദ വിജ്ഞാനവും കാരണമാകുമെന്നറിയുന്ന ധീരന്മാരായ ധ്യാനികൾ

അതിനെ സർവ്വത്ര കാണുന്നു. വിശ്വമെല്ലാം ഏതൊന്നിൽസ്ഥിതി ചെയ്യുന്നുവോ അതിൽ സ്ഥിതിചെയ്യുകയും അതിനെഅറിയുകയും ചെയ്യുന്നവർ മാത്രമേ മോക്ഷാനന്ദസൗഖ്യം പ്രാപിക്കുകയുള്ളൂ.

20. യോ ദേവേഭ്യ ആ തപതിയോ ദേവാനാം പുരോഹിതഃ
പൂർവ്വോയോ ദേവേഭ്യോ ജാതോ നമോ രുചായ ബ്രാഹ്മയേ.

ഭാഷ്യം; വിദ്യാന്മാരുടെ അന്തഃകരണത്തിൽ പ്രകാശിക്കുന്ന ആ പരമേശ്വരനാണ് വിദ്വാന്മാരെ നയിക്കുന്നതും മോക്ഷത്തെ നൽകുന്നതും. ആ വിദ്വാന്മാർക്കുമുമ്പും വർത്തിച്ചിരുന്ന സനാതനനും, ഇപ്പോഴും എപ്പോഴും വർത്തിക്കുന്നവനുമായ ആ അത്യന്താനന്ദസ്വരൂപനും സത്യവും ആയ ആ ബ്രഹ്മത്തെ നമസ്കരിക്കുന്നു. ആ ബ്രഹ്മത്തെ സാക്ഷാത്കരിച്ച പൂർവ്വ ഗുരുക്കന്മാർക്കും നമസ്കാരം.

21. രുചം ബ്രാഹ്മം ജനയന്തോ ദേവാ അഗ്രേ തദബ്രുവൻ.
യസ്ത്വൈവം ബ്രാഹ്മണോ വിദ്യാത്തസ്യ ദേവാ അസ
നവശേ

ഭാഷ്യം: ബ്രഹ്മജ്ഞാനം മാത്രമാണ് അത്യന്താനന്ദം. ആ ആനന്ദത്തെ ദേവന്മാർ– വിദ്വാന്മർ– ജ നി പ്പി ക്കു ന്നു. അതിനു ശേഷം ആനന്ദപ്രാപ്തിക്കുള്ളമാർഗ്ഗം ഉപദേശിക്കുകയും ചെയ്യുന്നു. ഇപ്രകാരമാണ് ബ്രാഹ്മണർ ഉണ്ടാകുന്നത് എ ന്ന റി യു ക. ഇപ്രകാരം ഉള്ള വിദ്വാന്മാർ ഇന്ദ്രിയങ്ങളെ വശത്താക്കുന്നു. മററാർക്കും ഇതു സാധ്യമല്ല.

22, ശ്രീശ്ചതേ ലക്ഷ്മീശ്ച പത്ന്യാവഹോരാത്രേ പാർശ്വേ നക്ഷത്രാണി രൂപമശ്വിനൗ വ്യാത്തമ്. ഇഷ്ണന്നി ഷാണാമും മഇഷാണസർവലോകം മ ഇഷാണ

ഭാഷ്യം; ഈശ്വരാ! അങ്ങയുടെ ശ്രീയും ലക്ഷ്മിയും (ശോഭയും സമ്പത്തും) ഇരുപത്നിമാരെപ്പോലെ അഹോരാത്രം പാർശ്വങ്ങളിൽ വർത്തിക്കുന്നു, ഈ ജഗത്തിനും ശോഭയും സമ്പത്തും നൽകിയതു് അങ്ങാണ്. അവ അങ്ങയ്ക്കു് നിതരാം സേവനമനുഷ്ഠിക്കുന്നു കാലചക്രത്തിന്റെ കാരണഭൂതമായ അങ്ങയുടെ രണ്ടു നേത്രങ്ങളാണ് സൂര്യചന്ദ്രന്മാർ. അതുപോലെ ഈ നക്ഷത്രങ്ങളും അങ്ങയുടെ സാമർത്ഥ്യത്തെ കീർത്തിക്കുന്നു. ദ്യാവുംപൃഥിവിയും(അശ്വിനികാം) അങ്ങയുടെ വികസിതമായ മുഖംപോലെയാണ്. അങ്ങെനിക്കു് പരലോകം—മോക്ഷമെന്ന പദം—ഇച്ഛാനുസരണം നൽകിയാലും. സർവ്വലോകവും—സൗഖ്യവും— ശോഭയും ലക്ഷ്മിയും എല്ലാസത്കർമ്മപ്രചോദനവും എനിക്കു വിധിച്ചാലും. പൂർണ്ണനും പരമേശ്വരനുമായ പുരുഷാ! ഉടനെ, അങ്ങയുടെ അനുഗ്രഹത്താൽ സർവ്വേം

ത്താ ഗുണഭോജനമാക്കി എന്നെ പരിവർത്തനം ചെയ്താലും അനുഗ്രഹിച്ചാലും.

(ശതപഥകാണ്ഡം 13.1, നിരുക്തം 4.10 എന്നിവയിൽ ശ്രീ, ലക്ഷ്മി എന്നീ പദങ്ങൾക്ക നൽകിയിരിക്കുന്ന അർത്ഥമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്,)

With the best compliments to

ARSHANADAM

BHASI STUDIO

Photography & artistry

Ezhickakath jn: Haripad